നം: എൻ.എം.6/44577/2014/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 07.06.2014.

# സർക്കുലർ

വിഷയം : സ്കൂൾ അദ്ധ്യാപകർക്കുള്ള പ്രായോഗിക പോഷകാഹാര അവബോധം - പരിശീലനം നൽകുന്നത് സംബന്ധിച്ച്.

സൂചന : 1) സർക്കുലർ നം. എൻ.എം.1/81422/2013/ഡി.പി.ഐ. തീയതി 16.11.2013.
2) സർക്കാർ ഉത്തരവ് നം. 1618/2014/എച്ച്.എഫ്.ഡബ്ല്യൂ. തീയതി 20.05.2014.
3) സ്റ്റേറ്റ് ന്യൂട്രീഷൻ ഓഫീസറുടെ 05.06.2014-ലെ ബി.142/14/ എൻ.ആർ.സി. നമ്പർ കത്ത്.

കേരളത്തിലെ 10 - 13 വയസ്സ് പ്രായമുള്ള സ്കൂൾ കുട്ടികൾക്കിടയിൽ സംസ്ഥാന പോഷകാഹാര ഗവേഷണ കേന്ദ്രം നടത്തിയ പോഷണ നിലവാര നിർണ്ണയ സർവ്വേയിൽ 50%-ൽ അധികം കുട്ടികൾക്ക് മതിയായ പോഷകാഹാരം ലഭിക്കുന്നില്ലായെന്ന് കണ്ടെത്തുകയുണ്ടായി. സ്കൂൾകുട്ടികൾ, അദ്ധ്യാപകർ, രക്ഷകർത്താക്കൾ എന്നിവരുടെ ഇടയിൽ പോഷകാഹാരത്തിന്റെ ആവശ്യകതയും പ്രാധാന്യവും സംബന്ധിച്ച അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞ വർഷം വ്യാപകമായ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി സൂചന (1) പ്രകാരം അദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളും സംഘടിപ്പിച്ചിരുന്നു. പ്രസ്തുത പരിശീലനത്തിന്റെ ആദ്യഘട്ടമെന്ന നിലയിൽ 2013-14 വർഷത്തിൽ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ ജില്ലകളിലെ അദ്ധ്യാപകർക്ക് പരിശീലനം നൽകുകയുണ്ടായി. സൂചന (2) പ്രകാരം 2014-15 വർഷത്തിൽ ഈ പരിശീലന പരിപാടി കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, എറണാകുളം, പത്തനംതിട്ട എന്നീ ജില്ലകളിലെ 2000 അദ്ധ്യാപകരെ ഉൾപ്പെടുത്തി നടത്തുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്.

ഒരു ദിവസത്തെ പരിശീലനത്തിന് യു.പി. വിഭാഗത്തിൽനിന്ന് സയൻസ് വിഷയം കൈകാര്യം ചെയ്യുന്ന ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയും ഹൈസ്കൂൾ വിഭാഗത്തിൽനിന്ന് ബയോളജി വിഷയം കൈകാര്യം ചെയ്യുന്ന ഒരു അദ്ധ്യാപകൻ/അദ്ധ്യാപികയുമാണ് പരിശീലനത്തിന് പങ്കെടുക്കേണ്ടത്. ഓരോ ജില്ലയിലേയും ജില്ലാ ആസ്ഥാനത്തായിരിക്കും പരിശീലനം സംഘടിപ്പിക്കുക. പരിശീലനത്തിൽ പങ്കെടുക്കുന്ന അദ്ധ്യാപകർക്ക് യഥാർത്ഥ

യാത്രാക്കൂലിയും ഭക്ഷണവും പരിശീലനസ്ഥാപനം നൽകുന്നതായിരിക്കും. പരിശീലന സ്ഥലം, പങ്കെടുക്കേണ്ട സ്കൂളുകൾ, തീയതി എന്നിവ ഡി.ഡി.ഇ., ഡി.ഇ.ഒ., എ.ഇ.ഒ. എന്നിവരെ പരിശീലനത്തിന് 7 ദിവസം മുമ്പ് സ്റ്റേറ്റ് ന്യൂട്രീഷൻ ഓഫീസർ അറിയിക്കുന്നതായിരിക്കും.

സംസ്ഥാന പോഷകാഹാര ഗവേഷണ കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കുന്ന ഏകദിന പരിശീലനത്തിൽ പങ്കെടുക്കുവാൻ സ്കൂളുകളിൽനിന്നും അദ്ധ്യാപകരെ വിടുതൽ ചെയ്യുന്നതിന് പ്രഥമാദ്ധ്യാപകർക്ക് വേണ്ട നിർദ്ദേശം നൽകാൻ എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറന്മാരേയും ചുമതപ്പെടുത്തുന്നു. തെരഞ്ഞെടുക്കപ്പെട്ട അദ്ധ്യാപകർ പരിശീലനത്തിന് കൃത്യമായും പങ്കെടുക്കുന്നുവെന്നും അവർ ഉറപ്പു വരുത്തേണ്ടതാണ്.

**ഒപ്പ്/-**
**പൊതുവിദ്യാഭ്യാസ ഡയറക്ടർ**

**അംഗീകാരത്തോടെ**

**സൂപ്രണ്ട്**

പകർപ്പ്;

എല്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/വിദ്യാഭ്യാസ ജില്ലാ ഓഫീസർമാർക്കും/വിദ്യാഭ്യാസ ഉപജില്ലാ ഓഫീസർമാർക്കും.

സ്റ്റേറ്റ് ന്യൂട്രീഷൻ ഓഫീസർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.റ്റി.@ സ്കൂൾ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
വെബ് & ന്യൂസ് മീഡിയ, പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.